**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1389** **18-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര പേർക്ക് പട്ടയം അനുവദിച്ച് നൽകി; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് 1,63,691 പേർക്ക് പട്ടയം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | കൊച്ചി നിയോജകമണ്ഡലത്തിൽ നിന്നും 2016 ജൂൺ മുതൽ 2020 ഡിസംബർ വരെയുള്ള കാലയളവിൽ പട്ടയം അനുവദിച്ച് കിട്ടുന്നതിലേയ്ക്കായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; കണക്ക് വില്ലേജ് അടിസ്ഥാനത്തിൽ നൽകുമോ; | (ബി) | കൊച്ചി നിയോജക മണ്ഡലത്തിൽ നിന്നും 2016ജൂൺ മുതൽ 2020 ഡിസംബർ വരെ ലഭിച്ച 227 അപേക്ഷകളുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു. ഫോർട്ട് കൊച്ചി - 164 രാമേശ്വരം - 39 കുമ്പളങ്ങി - 2 ചെല്ലാനം - 1 മട്ടാഞ്ചേരി - 7 പള്ളുരുത്തി - 14 |
| (സി) | ഇപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ എത്രപേർക്ക് പട്ടയം അനുവദിച്ചു നൽകി എന്നതിന്റെ കണക്ക് വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (സി) | 2016ജൂൺ മുതൽ 2020 ഡിസംബർ വരെ കൊച്ചി നിയോജക മണ്ഡലത്തിൽ നിന്ന് 126 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ഫോർട്ട് കൊച്ചി - 113 രാമേശ്വരം - 5 കുമ്പളങ്ങി - 2 ചെല്ലാനം - 1 മട്ടാഞ്ചേരി - 5 |
| (ഡി) | ലഭിച്ച അപേക്ഷകളിൽ ഇനി 2021 മാർച്ച് 31 നകം എത്രപേർക്ക് കൂടി പട്ടയം അനുവദിച്ച് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ഡി) | നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഫോർട്ട് കൊച്ചി വില്ലേജ് തുരുത്തി GCDA കോളനി നിവാസികളായ 51 പേർക്ക് പട്ടയം നൽകുവാൻ കഴിയും. |
| (ഇ) | കൊച്ചി നിയോജകമണ്ഡലത്തിലെ ഫോർട്ട് കൊച്ചി വില്ലേജിലെ തുരുത്തി കോളനിയിലെ അർഹരായവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചു വരുന്നുവെന്നും എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ഇ) | ഫോർട്ട് കൊച്ചി വില്ലേജ് തുരുത്തി കോളനി നിവാസികളായ 51 പേരുടെ അപേക്ഷയിൽ 7 (1) നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. നോട്ടീസ് പരസ്യപ്പെടുത്തിയതിൽ ആക്ഷേപങ്ങൾ ഒന്നും ലഭ്യമായിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ